**കേരള സർക്കാര്**
**ഇൻഫർമേഷന് & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷന് ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 ഡിസംബർ 20 വെള്ളി**

---

**ടാറ്റു പതിപ്പിച്ച വിദ്യാർത്ഥികൾക്ക് പൊള്ളൽ:ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി**

ആലപ്പുഴ: മുല്ലയ്ക്കൽ തെരുവിൽ കഴിഞ്ഞ ദിവസം ടാറ്റുപതിപ്പിച്ച വിദ്യാർഥികളുടെ ശരീരത്തിൽ പൊള്ളലേറ്റ സാഹചര്യത്തിൽ ജില്ല മെഡിക്കൽ ഓഫീസറുടെ പ്രത്യേക നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി. നിലവിൽ ടാറ്റു പതിപ്പിക്കൽ നടക്കുന്നില്ലെങ്കിലും അതിനായി സൂക്ഷിച്ചിരുന്ന രാസപദാർഥങ്ങളും ഉപകരണങ്ങളും കണ്ടെത്തുകയും അവ പിടിച്ചെടുക്കുകയും ചെയ്തു.ടെക്നിക്കൽ അസിസ്റ്റന്റുമാരായ ഒ.ആർ.വിക്രമൻ, സജി.പി.സാഗർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ സത്യജിത്ത്, ടി.വി.ബൈജു എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

**ലീഗൽ മെട്രോളജി പരിശോധനയിൽ 55കേസുകൾ കണ്ടെത്തി**

ആലപ്പുഴ: ലീഗൽ മെട്രോളജി വകുപ്പ് ജില്ലയിൽ ഡിസംബർ പകുതി വരെ വിവിധ മേഖലകളിൽ നടത്തിയ പരിശോധനകളിൽ 55 കേസുകൾ കണ്ടെത്തുകയും 262000 രൂപ (രണ്ട് ലക്ഷത്തി അറുപത്തി രണ്ടായിരം) പിഴ ഈടക്കുകയും ചെയ്തു.

പാക്കിങ്ങ് രജിസ്റ്റ്ട്രേഷൻ ഇല്ലാതെ പാൽ പാക്ക് ചെയ്ത് വിറ്റതിന് ചേർത്തല തങ്കിയിലുള്ള സ്ഥാപനത്തിന് 5000 രൂപ പിഴ ഇട്ടു. ബില്ലിൽ സ്വർണ്ണത്തിന്റെ ശുദ്ധത രേഖപ്പെടുത്താത്തതിന് പട്ടണക്കാട്ടുള്ള രണ്ട് ജ്വല്ലറികൾക്കെതിരെ നടപടി സ്വീകരിച്ചു. ആവശ്യമായ രേഖപ്പെടുത്തലുകളില്ലാതെ വെളിച്ചണ്ണ പാക്ക് ചെയ്ത്

വിതരണം നടത്തിയവരിൽ നിന്നും 45000 രൂപ പിഴ ഈടക്കുകയും നിയമാനുസരണമല്ലാതെ സൺഫ്ളവർ ഓയിൽ പാക്ചെയ്ത് വിറ്റവർക്കെതിരെ നിയമ നടപടികൾ ആരഭിക്കുകയും ചെയ്തു.

പറവൂരിലെ നെല്ല് സംഭരണശാലയിൽ കൃത്യത ഇല്ലാത്ത ത്രാസ് ഉപയോഗിച്ചതിന് 12000 രൂപ പിഴ ഈടാക്കി. അളവ് തൂക്ക നിയമ ലംഘനത്തിന് ഹരിപ്പാട്ടുള്ള നാലു ബേക്കറികളിൽ 19000 രൂപയും കൊറിയർ സർവ്വീസിന് 4000 രൂപയും പിഴയിട്ടു. മാവേലിക്കരയിൽ വാതിൽപ്പടി വിതരണം നടത്തിയ രണ്ട് വാഹനങ്ങളിൽ കൃത്യത വരുത്താത്ത ത്രാസുകൾ ഉപയോഗിച്ചതിന് 4000 രൂപ പിഴ ഈടാക്കി.

ക്രിസ്മസ് വിപണിയിൽ അളവ് തൂക്ക തട്ടിപ്പിനെതിരേയും വില വർധനക്കെതിരേയും വകുപ്പ് പരിശോധനകളും നടപടികളും ആരംഭിച്ചു. വ്യാപരത്തിൽ തൂക്ക കുറവുണ്ടാകാതിരിക്കാനും കൂടുതൽ വില ഈടാക്കാതിരിക്കാനും വ്യാപാരികൾ ശ്രദ്ധിക്കണന്ന് ലീഗൽ മെട്രോളജി അസ്സിസ്റ്റന്റ് കൺട്രോളർ നിർദേശിച്ചു.

**കണ്ടിജൻസി സാധനങ്ങൾ: ടെൻഡർ ക്ഷണിച്ചു**

ആലപ്പുഴ:വനിത ശിശുവികസന വകുപ്പിലെ അമ്പലപ്പുഴ ഐ സി ഡി എസിന് പരിധിയിലുള്ള അഞ്ചു പഞ്ചായത്തുകളിലെ 136 അങ്കണവാടികളിൽ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ടിജൻസി സാധനങ്ങൾ വാങ്ങുന്നതിലേക്ക് വ്യക്തികളിലും സ്ഥാപനങ്ങളിലും നിന്ന് ടെൻഡർ ക്ഷണിച്ചു. ഡിസംബർ 26 ഉച്ചയ്ക്ക് ഒന്നുവരെ സമർപ്പിക്കാം. ഫോൺ: 0477 2268598, 8281999132,9846874210.

**ലൈഫ് മിഷൻ: ചമ്പക്കുളം ബ്ലോക്ക് കുടുംബ സംഗമം ജനുവരി 10ന്**

ആലപ്പുഴ: ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ലൈഫ് മിഷൻ കുടുംബങ്ങളുടെ കുടുംബ സംഗമം ജനുവരി 10ന് നടക്കും. കുടുംബസംഗമത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായുള്ള സ്വാഗത സംഘം രൂപീകരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജു പാലത്തിങ്കൽ ചെയർമാനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എം മഞ്ജു കൺവീനറുമായുള്ള സ്വാഗത സംഘമാണ് രൂപീകരിച്ചത്.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ അംഗങ്ങളായുള്ള വിവിധ സബ്കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.
ബ്ലോക്കിന് കീഴിൽ 536 ലൈഫ് ഗുണഭോക്താക്കളാണുള്ളത്. ജനുവരി 10ന് നടക്കുന്ന സംഗമത്തില് ലൈഫ് അംഗങ്ങൾക്കായി അദാലത്തും സംഘടിപ്പിച്ചിട്ടുണ്ട്. ഇരുപതോളം സേവനങ്ങൾ ഉപഭോക്തക്കൾക്കു അദാലത്തിലൂടെ ലഭിക്കും. ബ്ലോക്ക് പഞ്ചായത്തിൽ നടന്ന സ്വാഗത സംഘം രൂപീകരണ യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. വിവിധ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാര്, വിവിധ വകുപ്പ് നിർവഹണ ഉദ്യോഗസ്ഥര് തുടങ്ങിയവര് പങ്കെടുത്തു.

## ലൈഫ് മിഷൻ: ചെങ്ങന്നൂർ ബ്ലോക്ക് തല സംഘാടക സമിതി രൂപീകരിച്ചു

ആലപ്പുഴ: ലൈഫ്മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി ചെങ്ങന്നൂർ ബ്ലോക്കുതല കുടുംബ സംഗമവും അദാലത്തും നടത്തുന്നത് സംബന്ധിച്ച സംഘാടക സമതി രൂപീകരിച്ചു. ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന യോഗം സജി ചെറിയാന് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. സി അജിത അധ്യക്ഷത വഹിച്ചു. സംഘാടക സമതി ചെയർമാനായി സജി ചെറിയാൻ എം.എൽ.എ, കൺവീനറായി ചെങ്ങന്നൂര് ബി.ഡി.ഒ. ആർ. സുലേഖ എന്നിവരെ തിരഞ്ഞെടുത്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി. വിവേക്, ശ്രീകുമാർ, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, അംഗങ്ങള്, ഉദ്യോഗസ്ഥര് തുടങ്ങിയവര് പങ്കെടുത്തു.

## ലൈഫ് മിഷൻ:ആര്യാട് ബ്ലോക്ക്തല സംഘാടക സമിതി രൂപീകരിച്ചു

ആലപ്പുഴ: ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ലൈഫ് മിഷൻ കുടുംബങ്ങളുടെ കുടുംബ സംഗമത്തിന് മുന്നോടിയായി സംഘാടക സമിതി രൂപീകരിച്ചു. ധനമന്ത്രി ഡോ.ടി.എം. തോമസ് ഐസക്, ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ തുടങ്ങിയവർ രക്ഷാധികാരികളായും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീന സനൽകുമാർ ചെയർപേഴ്സണും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആർ. രജിത് കൺവീനറുമായുള്ള സമിതിയാണ് രൂപീകരിച്ചത്. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാര് തുടങ്ങിയവര് അംഗങ്ങളായുള്ള വിവിധ സബ്കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ നടന്ന രൂപീകരണ യോഗത്തില് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീന സനൽകുമാര്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആർ. രജിത്, വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാര്, ഉദ്യോഗസ്ഥര് തുടങ്ങിയവര് പങ്കെടുത്തു.

**ജില്ല കളക്ടറുടെ പരാതി പരിഹാര അദാലത്ത് ജനുവരി 18ന്**

ആലപ്പുഴ: പൊതുജനങ്ങളുടെ പരാതികളും അപേക്ഷകളും അതിവേഗത്തിലും ജനസൗഹാർദ്ദപരമായും തീർപ്പാക്കുന്നതിന് അമ്പലപ്പുഴ താലൂക്കിലെ ജില്ല കളകട്റുടെ പൊതുജന പരാതി പരിഹാര അദാലത്ത് 'സഫലം' ജനുവരി 18ന് ജില്ല പഞ്ചായത്ത് ഹാളിൽ നടത്തും.എൽ.ആർ.എം കേസുകൾ, സർവ്വെ ,പ്രളയം സംബന്ധമായ അപേക്ഷകൾ, ഭൂമിയുടെ തരമാറ്റം/പരിവർത്തനം, റേഷൻ കാർഡ് എന്നിവയൊഴികെയുള്ള എല്ലാ പരാതികളും അപേക്ഷകളും അദാലത്തിൽ സ്വീകരിച്ച് താലൂക്ക് തല വകുപ്പ് മേധാവികളുടെ സാന്നിധ്യത്തിൽ പരിഹാരം കാണും. അദാലത്തിലേക്കായി അമ്പലപ്പുഴ താലൂക്കിലെ വില്ലേജോഫീസുകൾ, അമ്പലപ്പുഴ താലൂക്ക് ഓഫീസ്, ആർ.ഡി.ഒ ഓഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ജനുവരി 10 വൈകിട്ട് അഞ്ചു വരെ അപേക്ഷകൾ നൽകാം. ജനുവരി 18ന് ജില്ല പഞ്ചായത്ത് ഹാളിൽ ജില്ല കളക്ടർ നേരിട്ട് പരാതികൾ സ്വീകരിക്കുന്നതും ഉടൻ തീർപ്പാക്കുന്നതുമാണ്.